വഴിവെളിച്ചം

# ആ നോട്ടം പാപമാകുന്നു

عَن بُرَيدة رَضِي اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: "يا عَلِي، لاَ تَتبعْ النَّظْرَةَ النَّظْرَةَ فَإِنَّ لَكَ الأُولَى وَلَيْسَتْ لَكَ الآخِرَةَ"

**ബുറൈദ(റ) നബി(സ)യിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നു: അവിടുന്ന് അരുൾ ചെയ്തു: അലീ, നീ ഒന്നിനു പിറകെ ഒന്നായി (സ്ത്രീയെ) നോക്കികൊണ്ടിരിക്കരുത്. ഒറ്റനോട്ടം നിനക്കാവാം, രണ്ടാമതൊന്ന് പാടില്ല."** (*അഹ്മദ് റിപ്പോർട്ട് ചെയ്തത്, ഇതിന്റെ നിവേദക പരമ്പര കുറ്റമറ്റതാണെന്ന് നാസ്വിറുദ്ദീൻ അൽബാനി*).

**സത്യവിശ്വാസികളുടെയും** വിശ്വാസിനികളുടെയും സവിശേഷഗുണമാണ് ജീവിത വിശുദ്ധി. അത് നഷ്ടപ്പെടുത്തുന്നവർ പലതരം തിന്മകളിൽ ചെന്നുചാടും. അതിനാൽ പരിശുദ്ധിയും പവിത്രതയും കൈമോശം വന്നുപോകാനിടയുള്ള മാർഗങ്ങളെ വിശുദ്ധ ഖുർആനും പ്രവാചകാധ്യാപനങ്ങളും അടച്ചുകളയുന്നുണ്ട്. വ്യഭിചാരമെന്ന മഹാപാതകത്തിൽനിന്ന് നമ്മെ മോചിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ ഉദാഹരണം. അത്തരം തെറ്റിലേക്കു പോകാതിരിക്കാൻ പാലിക്കേണ്ട ആത്മനിയന്ത്രണത്തിന്റെ ചൂണ്ടുപലകയാണ് മേൽകൊടുത്ത ഹദീസ്.

യഥാർഥ ദൈവദാസന്മാർ വ്യഭിചാര സാധ്യതയുടെ അരികിൽപോലും എത്തിപ്പെടില്ലെന്നാണ് ഖുർആൻ പറയുന്നത്. അതിൽ നിന്നവരെ തടയുന്നത് ഇഫ്ഫത് അഥവാ ആത്മനിയന്ത്രണവും ആത്മ സംയമനവുമാണ്. അനുവദനീയമല്ലാത്ത എല്ലാറ്റിൽനിന്നും സ്വന്തത്തെ പിടിച്ചു നിർത്തലും നിഷിദ്ധങ്ങളിൽ നിന്നും മ്ലേഛമായ ആഗ്രഹങ്ങളിൽ നിന്നും വിശുദ്ധി പുലർത്തലുമാണ് ഇഫ്ഫത് എന്ന് ഇബ്നു മൻദൂർ വിശദീകരിക്കുന്നു. വികാരത്തെ കീഴ്പ്പെടുത്തുന്ന വിധം മനസ്സ് നേടിയെടുക്കുന്ന സന്തുലിതാവസ്ഥയാണ് ഇമാം റാഗിബിന്റെ വീക്ഷണത്തിൽ ഇഫ്ഫത്. ഈ വിശുദ്ധി രണ്ട് തരമാണെന്നാണ് ഇമാം മാവർദിയുടെ കാഴ്ചപ്പാട്. അനുവദനീയമല്ലാത്ത ലൈംഗിക ബന്ധങ്ങളിൽനിന്ന് വിട്ടുനിൽക്കലാണ് അതിലൊന്ന്. അഭിമാനക്ഷതം ഏൽപിക്കുന്നതിൽനിന്ന് നാവിനെ പിടിച്ചുനിർത്തലാണ് രണ്ടാമത്തേത്. ലൈംഗിക വിശുദ്ധി നഷ്ടപ്പെടുത്താൻ ഇടയാക്കുന്ന മുഖ്യ പ്രേരകങ്ങളിലൊന്ന് നോട്ടമാണ്. കണ്ണ് കൊണ്ട് ചെയ്യുന്ന തിന്മയെ വിലക്കുന്ന ഉപദേശമാണ് മുകളിലെ നബിവചനത്തിലുള്ളത്. 'നോട്ടം ആവർത്തിക്കരുത്' എന്ന പ്രയോഗത്തിന് രണ്ട് വിശദീകരണമുണ്ട്. നിന്റെ കണ്ണിന്റെ നോട്ടത്തെ മനസ്സിന്റെ നോട്ടംകൊണ്ട് കൂടി പിന്തുടരാൻ പാടില്ലെന്നാണ് ഒരു വിശദീകരണം. അവിചാരിതമായി സംഭവിച്ചുപോകുന്ന ഒന്നാമത്തെ നോട്ടത്തിന് ശേഷം, മനഃപൂർവം രണ്ടാമതൊരു നോട്ടം പാടില്ല എന്നാണ് രണ്ടാമത്തെ വിശദീകരണം. ദൃഷ്ടി താഴ്ത്തുക, അധമ വികാരങ്ങൾക്ക് അടിപ്പെടാതിരിക്കുക, ആത്മ വിചാരണ നടത്തിക്കൊണ്ടിരിക്കുക എന്നീ മൂന്ന് കേന്ദ്ര ബിന്ദുക്കളിൽ ഊന്നിനിന്നുകൊണ്ടുവേണം നാം വിശുദ്ധി ആർജിക്കാൻ. ദൃഷ്ടി താഴ്ത്തുക എന്നത്

ഖുർആന്റെ തന്നെ അധ്യാപനമാണ്. അല്ലാഹു പറയുന്നു: "വിശ്വാസികളോട് പറയുക: അവർ തങ്ങളുടെ കണ്ണുകൾ താഴ്ത്തി നടക്കട്ടെ. ഗുഹ്യാവയവങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ. അതാണ് അവർക്കു ഏറ്റവും പവിത്രമായ മാർഗം. തീർച്ചയായും അവർ ചെയ്യുന്നതെല്ലാം അല്ലാഹു സൂക്ഷ്മമായി നിരീക്ഷിക്കുന്നവനാകുന്നു" (*അന്നൂർ*: 30).

നോക്കുന്നവന്റെ മനസ്സിൽ രൂപപ്പെട്ടുവരുന്ന പലതരം തോന്നലുകളെ നിയന്ത്രിക്കാൻ ദൃഷ്ടി താഴ്ത്തുന്നതിലൂടെ സാധിക്കും. നോട്ടം ആദ്യം തോന്നലായും തുടർന്ന് ചിന്തയായും പിന്നീട് വികാരമായും ഒടുവിൽ വ്യഭിചാര വൃത്തിയായും മാറുമെന്ന് ഇമാം ഇബ്നുൽ ഖയ്യിം വ്യക്തമാക്കിയിട്ടുണ്ട്. നോട്ടം, ചലനം, ചിരി ഇതൊക്കെ അതിന്റേതായ പ്രതിഫലനങ്ങളുണ്ടാക്കുമെന്നും അതിനാൽ ഈ പ്രേരകാവസ്ഥകളെ നിയന്ത്രിച്ചുകൊണ്ടുവരികയാണ് വിശുദ്ധിയുടെ മാർഗമെന്നും ശഹീദ് സയ്യിദ് ഖുത്വ്ബ് എഴുതുന്നു.

തിന്മയുടെ വാതിൽ അടച്ചുകളയുന്നതിന്റെ ഭാഗമായി, സ്വന്തം കുടുംബത്തിലെ അടുത്ത ബന്ധുക്കളെ പോലും കൂടുതലായി നോക്കുന്നത് നമ്മുടെ സദ്‌വൃത്തരായ മുൻഗാമികൾ ഇഷ്ടപ്പെട്ടിരുന്നില്ല. അവർ ജീവിച്ച കാലമാകട്ടെ, സ്ത്രീ ഉടുതുണിയുരിഞ്ഞാടുന്ന നമ്മുടെ കാലത്തേക്കാൾ ആയിരം തവണ മേന്മയുള്ളതായിരുന്നു എന്ന് നിസ്സംശയം പറയാം. ടെലിവിഷൻ ചാനലുകൾ, ഇന്റർനെറ്റ് സംവിധാനങ്ങൾ, അശ്ലീല പടങ്ങൾ, സീരിയലുകൾ, നോവലുകൾ തുടങ്ങി എല്ലാ രംഗത്തും സ്ത്രീയുടെ നഗ്നത തുറന്നുവെക്കപ്പെട്ടിരിക്കുകയാണ്. സെക്സ് ടൂറിസമാണ് പല രാഷ്ട്രങ്ങളുടെയും വരുമാനമാർഗം. സ്വവർഗഭോഗികൾക്കും വേശ്യകൾക്കും നിയമപരിരക്ഷ വേണമെന്ന വാദഗതികളും കൊഴുക്കുന്നു. വിവാഹപൂർവ ലൈംഗിക ബന്ധമൊന്നും ഒരു പ്രശ്നമേ അല്ലാതായിമാറുന്ന കാലഘട്ടം. സദാചാരം ഇത്രയേറെ കുത്തഴിഞ്ഞ ഒരു കാലത്ത് വിശുദ്ധിയുടെ മാർഗം സ്വീകരിച്ച് മുന്നോട്ടു നടക്കാൻ ആഗ്രഹിക്കുന്നവർ പ്രവാചകന്റെ ഉപദേശം മാർഗദീപമായി സ്വീകരിക്കുക. രക്ഷപ്പെടാനുള്ള വഴി അതുമാത്രം. ■

**റഫീഖുർറഹ്മാൻ മൂഴിക്കൽ**